# കേരളമാകെ
# കേരള ബാങ്കിലേക്ക്...















## കേരള ബാങ്ക്

**സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കാണ് കേരള സഹകരണ ബാങ്ക് അഥവാ കേരള ബാങ്ക്. ഏവർക്കും സുരക്ഷിതവും വിശ്വസനീയവുമായ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് കേരള ബാങ്കിന്റെ രൂപീകരണ ലക്ഷ്യം.**

## കേരള ബാങ്ക് രൂപീകരണ സാഹചര്യം

ബാങ്കിംഗ് വ്യവസായം കടുത്ത മത്സരവും നിരവധി വെല്ലുവിളികളും നേരിടുന്ന കാലഘട്ടമാണിത്. ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകൾക്ക് ഇന്നത്തെ നിലയിൽ മുന്നോട്ടു പോകാനാവില്ല. ആധുനിക കാലഘട്ടത്തിലെ സാമ്പത്തിക രംഗത്തെ വെല്ലുവിളികൾ നേരിടുന്നതിനായി സംസ്ഥാനത്തെ സഹകരണ കാർഷിക വായ്പാ മേഖലയിൽ ഘടനാപരമായ ഒരു മാറ്റം അനിവാര്യമാണെന്ന് വിലയിരുത്തുകയും ത്രിതല സമ്പ്രദായത്തിലെ മധ്യതലം ഉപരിതലത്തോട് സംയോജിപ്പിച്ച് ദ്വിതലമായി പുനഃക്രമീകരിക്കാനും സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ഹ്രസ്വകാല സഹകരണ കാർഷിക വായ്പാ മേഖലയുടെ ഘടന പരിശോധിച്ചാൽ 19 ഇടത്ത് ത്രിതലഘടനയും 14 ഇടത്ത് ദ്വിതല ഘടനയുമാണ്. 5-ാംപഞ്ചവത്സരപദ്ധതി കാലത്തെ സഹകരണ വർക്കിംഗ് ഗ്രൂപ്പ് (1974-79) വലിയ സംസ്ഥാനങ്ങളിൽ ത്രിതലഘടനയും ചെറിയ സംസ്ഥാനങ്ങളിൽ ദ്വിതല ഘടനയുമാണ് അനുയോജ്യമെന്ന് വിലയിരുത്തിയിരുന്നു. മാത്രമല്ല, കേരളം, ഹരിയാന, ആസാം എന്നീ സംസ്ഥാനങ്ങൾ ഇങ്ങനെ മാറണമെന്നതിന് ശിപാർശയും നൽകിയിരുന്നു. 1972 ൽ റിസർവ്വ് ബാങ്ക് കേരളത്തിലെ സഹകരണ വായ്പാ മേഖലയെപ്പറ്റി പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയും ഹ്രസ്വകാല കാർഷികവായ്പാ മേഖലയിൽ കേരളത്തിന് ദ്വിതല സംവിധാനമാണ് അനുയോജ്യമെന്ന് അഭിപ്രായപ്പെട്ടിരുന്നു.

സംസ്ഥാന സഹകരണബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് സംസ്ഥാന തലത്തിൽ ഒരു ബാങ്കിന് രൂപം നൽകുമെന്നത് ഈ സർക്കാരിന്റെ നയത്തിന്റ ഭാഗമാണ്. 13-പദ്ധതി സമീപന രേഖയിലും സംസ്ഥാന ആസൂത്രണ ബോർഡ് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന്, കേരളബാങ്ക് രൂപീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ Indian Institute of Management പ്രൊഫസർ ഡോ. എം.എസ്.ശ്രീറാം അധ്യക്ഷനായി വിദഗ്ധസമിതി രൂപീകരിക്കുകയുണ്ടായി. സമിതിയുടെ ശിപാർശയുടെ കൂടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് ഒരു വലിയ സഹകരണ ബാങ്കായി മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചത്.

## കേരള ബാങ്ക് രൂപീകരണം കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ

*കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് വളരാനുള്ള വലിയ അവസരമാണ് കേരള ബാങ്കിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. സഹകരണബാങ്കിംഗ് മേഖലയുടെ ഏകോപനത്തിനും മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിൽപ്പ് ഉറപ്പാക്കുന്നതിനും ഇത് സഹായകമാകും.*

*കാർഷിക-വ്യാവസായിക രംഗത്ത് നൂതന ആശയങ്ങൾക്കും പദ്ധതികൾക്കും കേരള ബാങ്ക് ശക്തി പകരും. ഗ്രാമീണ സമ്പാദ്യമുൾപ്പടെ സംസ്ഥാനത്തിലെ വിഭവങ്ങൾ പൂർണ്ണമായി നമ്മുടെ സംസ്ഥാനത്ത് വിനിയോഗിക്കാൻ കഴിയും. ഇടപാടുകാർക്ക് കുറഞ്ഞ ചെലവിൽ സേവനം ലഭ്യമാക്കാനാകും. വായ്പാ പലിശ നിരക്ക് കുറയ്ക്കുന്നതിനും മൈക്രോ ഫൈനാൻസ് രംഗത്ത് കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനും കേരളബാങ്കിന്റെ  വരവ് സഹായകമാകും.*

*നമുക്ക് കൂടുതൽ കാർഷിക വായ്പ നൽകാൻ കഴിയും. ഏകോപനത്തിലൂടെ ശക്തമാകുന്ന ബാങ്കിന്റെ ധനസ്ഥിതിയിൽ നബാർഡിൽനിന്നും കൂടുതൽ പുനർവായ്പ ലഭിക്കും. ഇത് നമ്മുടെ ഉല്പാദന മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടു വരും. 4.5 % പലിശയ്ക്ക് നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പ ജില്ലാ ബാങ്ക് എന്ന തലം ഒഴിവായാൽ കർഷകർക്ക് നിലവിലെ 7% എന്ന പലിശ നിരക്കിൽ നിന്നും കുറച്ചു നൽകാനാകും. കാർഷികേതര വായ്പകളുടെ പലിശ നിരക്കും കുറയ്ക്കാൻ സാധിക്കും.*

*കേരളബാങ്ക്  വരുന്നതോടെ വായ്പ, നിക്ഷേപം എന്നിവ പലമടങ്ങ് വർദ്ധിക്കും. വിദേശ നിക്ഷേപം ശേഖരിക്കാൻ പ്രാപ്തി കൈവരിക്കും. വിദേശ നാണയ വിനിമയവും വ്യാപാരവും വർദ്ധിക്കും. പൊതു മേഖല, സ്വകാര്യ മേഖല-ന്യൂ ജനറേഷൻ ബാങ്കുകൾ കൈയടക്കി വച്ചിരിക്കുന്ന എൻ.ആർ.ഐ നിക്ഷേപത്തിന്റെ നല്ലൊരു പങ്ക് കേരള ബാങ്കിലേക്ക് വരുന്നതോടെ സഹകരണമേഖലയുടെ വായ്പാവിതരണശേഷിയിൽ കുതിച്ചുചാട്ടമുണ്ടാകും.*

*സമ്പൂർണ്ണമായും സാങ്കേതിക വിദ്യയിലൂന്നിയ ബാങ്കിംഗ് പ്രവർത്തനം സാധ്യമാകും. ഡിജിറ്റൽ ഇടപാടിന്റേയും മറ്റ് സർവ്വീസ് ചാർജ്ജുകളുടേയും പേരിൽ പൊതുമേഖലാ- സ്വകാര്യ - ന്യൂജനറേഷൻ ബാങ്കുകളുടെ ചൂഷണവും അവസാനിപ്പിക്കാനാകും.*

*സഹകരണ ബാങ്കിംഗ് മേഖല അതിനൂതന സാങ്കേതിക മികവിലേയ്ക്ക് വരുമ്പോൾ ചെറുപ്പക്കാരായ ഉപഭോക്താക്കളെ ഈ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കാനാകും. ഇപ്പോൾ സഹകരണ ബാങ്കുകളിൽ 50 വയസ്സിന് താഴെ പ്രായമുള്ള ഉപഭോക്താക്കൾ 23 % ത്തിനടുത്ത് മാത്രമാണ്. യുവതലമുറയ്ക്ക് വേണ്ട സാങ്കേതിക സൗകര്യങ്ങളൊരുക്കാൻ ഒറ്റപ്പെട്ട് നിൽക്കുന്ന ബാങ്കുകളേക്കാൾ ഏകോപിതമായ കേരള ബാങ്കിനായിരിക്കും കഴിയുക. മാത്രമല്ല, യുവതലമുറ ആഗ്രഹിക്കുന്ന ബ്രാൻഡ് മൂല്യം ആർജ്ജിക്കുന്നതിനും കേരള ബാങ്കിന് കഴിയും. ജീവനക്കാരുടെ  പ്രൊഫഷണലിസം, ആധുനിക ബാങ്കിംഗ് ഉൽപ്പന്നങ്ങളും സേവനങ്ങളും വിദേശത്ത് നിന്നുമുള്ള ധനവിനിമയം എന്നിങ്ങനെ ഒരുപാട് മേഖലകളിൽ മത്സരക്ഷമമായ ഒരു ചുറ്റുപാട് സൃഷ്ടിച്ചെടുക്കാൻ ഈ മാറ്റത്തിലൂടെ നമുക്ക് കഴിയും.*

## നിലവിലുള്ള സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെക്കാൾ എങ്ങനെയാണ് കേരള ബാങ്ക് മികച്ചതാകുന്നത്

ജില്ലാ സഹകരണബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതോടെ എല്ലാത്തരം ബാങ്കിംഗ് പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്താൻ പ്രാപ്തിയുള്ള, റിസർവ്വ് ബാങ്ക് അനുമതിയുള്ള ദേശീയ/ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ ബാങ്കായി കേരള ബാങ്കിന് ഉയരാൻ കഴിയും.

ലയിപ്പിച്ച് രൂപീകരിക്കുന്ന കേരള ബാങ്കായിരിക്കും ഇനി കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ബാങ്ക്. 2019 ജൂൺ മാസത്തിലെ SLBC വിവരങ്ങൾ പ്രകാരം ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കേരളത്തിൽ 1216 ബ്രാഞ്ചുകളാണ് ഉള്ളത്. 1.53 ലക്ഷം കോടി രൂപയുടെ നിക്ഷേപവുമുണ്ട്. എന്നാൽ ഈ നിക്ഷേപത്തിന്റെ പകുതിയിലധികവും എൻ.ആർ.ഐ. നിക്ഷേപമാണ്. ലയിപ്പിച്ച് രൂപീകരിക്കുന്ന കേരള ബാങ്കിന് തുടക്കത്തിൽ 825 ബ്രാഞ്ചുകൾ ഉണ്ടാകും. 65000-ത്തിലധികം കോടി രൂപയുടെ നിക്ഷേപമുണ്ട്. ഇതിൽ എൻ.ആർ.ഐ. നിക്ഷേപം നാമമാത്രമാണ്. എൻ.ആർ.ഐ. നിക്ഷേപമടക്കം സ്വീകരിക്കാൻ അനുമതി ലഭിക്കുകയും PACS കളിലൂടെ കേരള ബാങ്ക് സേവനം ഗ്രാമീണ

ജനതയിലേയ്ക്ക് എത്തിക്കുവാൻ കഴിയുകയും ചെയ്യുന്ന മുറയ്ക്ക് കേരള ബാങ്ക് കേരളത്തിലെ ഒന്നാമത്തെ ബാങ്കായി മാറും.

സംസ്ഥാന ജില്ലാ ബാങ്കുകൾക്ക് പുറമെ കേരളത്തിൽ 1625 PACS കളും 60 ലൈസൻസ്ഡ് അർബൻ ബാങ്കുകളുമുണ്ട്. ഇവയാണ് കേരള ബാങ്കിന്റെ അംഗങ്ങൾ/ ഓഹരി ഉടമകൾ. PACS കൾക്കും അർബൻ ബാങ്കുകൾക്കുമായി 4500 ത്തിലധികം ബ്രാഞ്ചുകൾ ഉണ്ട്. ഒരു ലക്ഷം കോടി രൂപയിലധികം നിക്ഷേപമുണ്ട്. ഇതെല്ലാം ചേരുമ്പോൾ ഉണ്ടാകുന്ന ബാങ്കിംഗ് നെറ്റ് വർക്ക് സംസ്ഥാനത്തിന്റെ ബാങ്കിംഗ് ആവശ്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമാകും.

21 പൊതുമേഖലാ ബാങ്കുകളും ഒരു ഗ്രാമീൺ ബാങ്കും 19 സ്വകാര്യ വാണിജ്യ ബാങ്കുകളും 2 സ്മോൾ ഫിനാൻസ് ബാങ്കുകളും ഉൾപ്പെടുന്ന കേരളത്തിലെ വാണിജ്യ ബാങ്കിംഗ് രംഗത്തിന് ബദലായി ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന ബാങ്കിൽ ലയിപ്പിച്ച് രൂപീകരിക്കുന്ന കേരള ബാങ്കിനും, കേരള ബാങ്കിന്റെ അംഗങ്ങളാകുന്ന 1600 ലധികം വരുന്ന PACS കൾക്കും അർബൻ ബാങ്കുകൾക്കും സംസ്ഥാന താൽപര്യങ്ങൾ ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കാൻ കഴിയും.

## കേരള സഹകരണബാങ്ക് രൂപീകരണത്തിലൂടെ വിവിധ വിഭാഗങ്ങൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ (Stake holder Benefits)

### 1 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക്

**കേരളബാങ്ക് രൂപീകരിക്കുമ്പോൾ ഏറ്റവും വലിയ ഗുണഭോക്താക്കളാകുന്നത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവരുടെ അംഗങ്ങളുമായിരിക്കും. അവരാണ് കേരളബാങ്കിന്റെ നേരവകാശികളും ഉടമകളും. കാർഷിക വായ്പാ-ബാങ്കിംഗ് പ്രവർത്തനത്തെ സംശുദ്ധമായി നിലനിർത്തണമെന്ന സർക്കാരിന്റെ കാഴ്ചപ്പാടാണ് ഈ നിലപാടിന് അടിസ്ഥാനം.**

- **എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും കരഗതമാകുന്നു.**
- **അംഗങ്ങൾക്ക്/ഇടപാടുകാർക്ക് കേരളബാങ്ക് നൽകുന്ന എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും ഘട്ടംഘട്ടമായി നൽകാൻ കഴിയും.**
- **വായ്പയിൽ** Interest spread **കുറയുന്നു. കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാകും. അംഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.**
- **കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ** DBT/EBT **ആനുകൂല്യങ്ങൾ ഗ്രാമീണ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ടു കൈമാറുന്നതിന് സാധിക്കുന്നു.**
- **കേരള ബാങ്കിന്റെ സാമ്പത്തിക സ്ഥിതി ശക്തമാകയാൽ നബാർഡിൽ നിന്നും പുനർവായ്പാ തുക വർദ്ധിപ്പിക്കാൻ കഴിയും. അതുവഴി കാർഷിക വായ്പാ തോത് വർദ്ധിപ്പിക്കാനാകും.**
- **അധിക ഫണ്ട് കൂടുതൽ ആദായകരമായ രീതിയിൽ പുനർനിക്ഷേപിക്കുന്നതിനുള്ള സാധ്യതകളുണ്ടാകും.**
- **കേരളബാങ്കിന്റെ പ്രവർത്തനമൂല്യം ഉയരുന്നതിനനുസരിച്ച് ലാഭവിഹിതം ഉയർന്ന തോതിൽ ലഭിക്കുന്നു.**
- **മൈക്രോഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു.**

### 2 വായ്പേതര സഹകരണ സംഘങ്ങൾക്ക്

- വായ്പേതര സംഘങ്ങൾക്ക് നിലവിലെ രീതിയിൽ എല്ലാവിധ അധികാരങ്ങളും സേവനങ്ങളും നൽകുന്നതോടൊപ്പം ബാങ്കിംഗ് ടെക്നോളജിയുടെ ഗുണഫലങ്ങൾ നൽകാനുമാകും.
- വായ്പേതര സംഘങ്ങൾക്ക് അവരുടെ അംഗങ്ങൾ/ഗുണഭോക്താക്കൾ എന്നിവരുമായുള്ള ധനവിനിമയങ്ങൾ ഡിജിറ്റലായി നിർവ്വഹിക്കാൻ സാധിക്കും.
- കുറഞ്ഞ പലിശയിൽ കൂടുതൽ വായ്പ ലഭ്യമാകും.
- കേരള ബാങ്കിന്റെ ഭരണ സമിതിയിൽ പ്രത്യേക ക്ഷണിതാവ് എന്ന പ്രാതിനിധ്യം ലഭിക്കുന്നു.

### 3 ജില്ലാ സഹകരണ ബാങ്കുകൾക്ക്

- ഷെഡ്യൂൾഡ് ബാങ്ക് പദവിയിലേക്ക് ഉയരുന്നു (RBI Act 1934 പ്രകാരം ജില്ലാ ബാങ്കുകൾക്ക് സ്വന്തം നിലയിൽ ഷെഡ്യൂൾഡ് പദവിക്ക് അർഹതയില്ല).

- സംസ്ഥാനതലത്തിലേക്ക് പ്രവർത്തനപരിധി വർദ്ധിക്കുന്നതിലൂടെ കൂടുതൽ ഉപഭോക്താക്കളെ ലഭിക്കുന്നതിനും ബിസിനസ്സ് വർദ്ധനയ്ക്കും കഴിയുന്നു.
- ജില്ലാ തലത്തിലുള്ള വിഭവങ്ങളുടെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കാനാകുന്നു.
- ബാങ്കിന്റെ ജനസ്വീകാര്യതയും മതിപ്പും വർദ്ധിക്കുന്നു. പ്രവർത്തനമേഖല വിപുലീകരിക്കപ്പെടുന്നു.

*4 സംസ്ഥാന സഹകരണ ബാങ്കിന്*

- സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാകുന്നു.
- ലയനത്തിലൂടെ കൂടുതൽ കരുത്താർജ്ജിക്കുന്നതിലൂടെ കേരളത്തിന്റെ വികസന പ്രക്രിയയിൽ കൂടുതലായി ഇടപെടുന്നതിന് സാധിക്കുന്നു.
- ബാങ്കിന് പൊതുജനങ്ങൾക്കിടയിലുള്ള മതിപ്പ് വർദ്ധിക്കുന്നു.
- സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ കൂടുതൽകാര്യക്ഷമമായി ഇടപെടാൻ കഴിയും.

*5 ജീവനക്കാർക്ക്*

- കൂടുതൽ മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥ ഉണ്ടാകുന്നു.
- വലുതും കൂടുതൽ ബ്രാൻഡ് മൂല്യവുമുള്ള ഒരു ബാങ്കിൽ ജോലി ചെയ്യാനാകുന്നു.
- മെച്ചപ്പെട്ട പ്രൊഫഷണൽ അന്തരീക്ഷം സംജാതമാകുന്നു.
- പരിശീലനത്തിലും കരിയർ മികവിനും സ്ഥാനക്കയറ്റത്തിലും കൂടുതൽ അവസരങ്ങൾ ഉണ്ടാകുന്നു.
- ലയനത്തിലൂടെ സാമ്പത്തിക ഭദ്രത കൈവരുന്നതിലൂടെ തൊഴിൽ കൂടുതൽ സുരക്ഷിതമാകുന്നു.

*6 റിസർവ്വ് ബാങ്ക്/നബാർഡ് എന്നീ നിയന്ത്രണ സ്ഥാപനങ്ങൾക്ക്*

- ലയനത്തിലൂടെ ഒരു ബാങ്കിംഗ് സ്ഥാപനത്തെ നിയന്ത്രിച്ചാൽ മതിയാകും.
- കോർ ബാങ്കിംഗ്, ആധുനിക ബാങ്കിംഗ് സൗകര്യങ്ങളെയെല്ലാം കമ്പ്യൂട്ടർ നിയന്ത്രിത സംവിധാനത്തിലൂടെ മേൽനോട്ടത്തിന് സാധിക്കുന്നു.
- Fit and Proper മാനദണ്ഡങ്ങൾ പാലിക്കുന്ന ഉന്നത ഉദ്യോഗസ്ഥരും ബോർഡ് ഓഫ് മാനേജ്മെന്റും വരുന്നതിലൂടെ ബാങ്കിനെ കൂടുതൽ കാര്യക്ഷമതയിലേയ്ക്ക് കൊണ്ടു വരുന്നു.
- ഷെഡ്യൂൾഡ് ബാങ്കുകൾക്ക് ബാധകമായ എല്ലാനിയമങ്ങളും നടപ്പാക്കാനാകുന്നു.

*7 കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക്*

- സഹകരണ ബാങ്കിംഗ് മേഖലയിൽ ലോകത്തിന് മുമ്പിൽ ഒരു മാതൃക സൃഷ്ടിക്കാൻ കഴിയുന്നു.
- ഡിജിറ്റൽ ഇന്ത്യ, സാമ്പത്തിക ഉൾപ്പെടുത്തൽ, സാമ്പത്തിക സാക്ഷരത തുടങ്ങിയ സർക്കാർ ലക്ഷ്യങ്ങൾ കൂടുതലായി സാക്ഷാത്ക്കരിക്കപ്പെടുന്നു.
- പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ഉല്പാദനപരവും ചലനാത്മകവുമാക്കുന്നു. വികസന ലക്ഷ്യത്തിനനുസരിച്ച് സാമ്പത്തിക പിന്തുണ നൽകുവാൻ സാധിക്കുന്നു.
- മറ്റ് സംസ്ഥാനങ്ങൾക്ക് അവലംബിക്കാൻ കഴിയുന്ന രീതിയിൽ ഒരു ലയനരീതി ഉണ്ടാകുന്നു.
- സർക്കാരുകളുടെ ധനവിനിമയം സാധ്യമാക്കുന്നു.
- കാര്യക്ഷമമായ ഭരണനിയന്ത്രണത്തിന് സാധിക്കുന്നു.

*8 സഹകാരികൾക്ക്*

- PACS/UCB പ്രതിനിധികൾ കേരള ബാങ്കിന്റെ ഭരണാധികാരികളാകുന്നു.
- സഹകരണ ജനാധിപത്യത്തിലൂന്നിയ വലിയ ഒരു ബാങ്ക് യാഥാർത്ഥ്യമാകുന്നു.
- സഹകരണ ബാങ്കിംഗ് മേഖലയുടെ ഭാവി പരിരക്ഷയ്ക്ക് ഉതകുന്ന രീതിയിൽ ഒരു മാതൃകാ സ്ഥാപനം ഉണ്ടാകുന്നു.
- നാടിന്റെ വികസനത്തിൽ സഹകരണ മേഖലയ്ക്ക് ലഭിക്കുന്ന സ്ഥാനം സഹകാരികൾക്ക് അഭിമാനകരമാകുന്നു.

*9 പൊതുജനങ്ങൾക്ക്*

- മികച്ച സാങ്കേതിക സൗകര്യങ്ങളും മാനുഷിക മൂല്യങ്ങളും സമന്വയിപ്പിച്ച ഒരു പ്രാദേശിക ബാങ്ക്

ഉണ്ടാകുന്നതിലൂടെ തങ്ങളുടെ ആവശ്യത്തിനും കഴിവിനും അഭിരുചിക്കും ഇണങ്ങുന്ന സേവനങ്ങളും ബാങ്കിംഗ് ഉല്പന്നങ്ങളും ലഭിക്കുന്നു.

- യുവതലമുറയ്ക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നു.
- ചാർജ്ജുകൾ ഇല്ലാതെയോ/കുറഞ്ഞ നിരക്കിലോ എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും ലഭ്യമാകുന്നു.
- നാടിന്റെ വികസനത്തിന് ജനതയുടെ ബാങ്ക് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാനാകുന്നു.

## കേരള ബാങ്കിന്റെ ഭരണം നിയന്ത്രിക്കുന്നതാര്

സഹകരണ ജനാധിപത്യത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിക്കായിരിക്കും കേരള ബാങ്കിന്റെ നിയന്ത്രണം

**ഭരണസമിതിയുടെ നിർദ്ദിഷ്ട ഘടന**

| | | |
|---|---|---|
| ജനറൽ വിഭാഗം | : | 10 അംഗങ്ങൾ (PACS) |
| വനിത | : | 3 അംഗങ്ങൾ (PACS) |
| എസ്.സി./എസ്.ടി. | : | 1 അംഗം (PACS) |
| അർബൻ ബാങ്ക് | : | 1 അംഗം |
| സ്വതന്ത്ര പ്രൊഫഷണൽ ഡയറക്ടർമാർ | : | 2 |
| എക്സ് ഒഫിഷ്യോ | : | 4 |

(സഹകരണ വകുപ്പ് സെക്രട്ടറി, രജിസ്ട്രാർ, നബാർഡ് സി.ജി.എം., സി.ഇ.ഒ. കേരള ബാങ്ക്)

മൊത്തം 21 അംഗങ്ങൾ. കൂടാതെ കേരള സഹകരണനിയമപ്രകാരം 2 പ്രൊഫഷണൽ അംഗങ്ങളെ ഭരണസമിതിക്ക് കോ ഓപ്റ്റ് ചെയ്യാം. ഇവർക്ക് വോട്ടവകാശമില്ല. RBI യുടെ അന്തിമാനുമതിയിൽ വായ്പേതര സംഘങ്ങളുടെ ഒരുപ്രതിനിധിയെ ഭരണസമിതിയിൽ വോട്ടവകാശമില്ലാത്ത പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്.

## ദീർഘകാല വികസന ലക്ഷ്യം

പിണറായി വിജയൻ സർക്കാർ ലക്ഷ്യമിടുന്നത് കേരള സംസ്ഥാനത്തിന്റെ സുസ്ഥിര വികസനമാണ്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സഹായകമായി ശക്തമായ സാമൂഹിക-സാമ്പത്തിക സ്ഥാപനങ്ങൾ അനിവാര്യമാണ്. സർക്കാരിന്റെ നവകേരള മിഷനിലൂടെ നല്ല പൊതു വിദ്യാലയങ്ങൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, കാർഷിക-പാരിസ്ഥിതിക വികസനം, ഭവനം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാനാണ് ശ്രമിക്കുന്നത്. ഇതോടൊപ്പം നമ്മുടെ അടിസ്ഥാന സൗകര്യ വികസനത്തിലും മുന്നേറാൻ കഴിയണം. വികസനകാര്യത്തിൽ കേരളം ഇപ്പോൾ മത്സരിക്കുന്നത് വികസിതരാജ്യങ്ങളോടാണ്. ഈ ഗതിവേഗത്തിന് രാസത്വരകമാകാൻ നമുക്ക് സ്വന്തമായ, ശക്തമായ ഒരു സാമ്പത്തിക ജീവനാഡി ആവശ്യമാണ് - അതാണ് കേരള ബാങ്ക്.

**കടകംപള്ളി സുരേന്ദ്രൻ**
സഹകരണം ടൂറിസം ദേവസ്വം വകുപ്പ് മന്ത്രി